# പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

കേരള കാർഷിക സർവ്വകലാശാല

മേലേ പട്ടാമ്പി (പി.ഒ), പാലക്കാട് ജില്ല, 679-306 (പിൻ), കേരളം

Email : adrptb@kau.in, rarsptb@kau.in URL: http://rarsptb.kau.in Ph : 0466-2212228


നമ്പർ: ഡി2/2694/2025

തിയ്യതി : 02/06/2025

## ലേല പരസ്യം

2025 ജൂൺ മുതൽ 2026 മാർച്ച് വരെയുള്ള കാലയളവിൽ ഈ ഗവേഷണ കേന്ദ്രത്തിലെ 660 തെങ്ങുകളിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന തേങ്ങ വിളവെടുക്കുന്നതിനുള്ള അവകാശം താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ലേലം/ക്വട്ടേഷൻ നടപടിയിലൂടെ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു.

### വ്യവസ്ഥകളും നിബന്ധനകളും

1. ലേലത്തിനായി പേര് രജിസ്റ്റർ ചെയ്യുന്നതിനും ക്വട്ടേഷൻ സമർപ്പിക്കുന്നതിനുമുള്ള അവസാന സമയം 10/06/2025 ന് രാവിലെ 11.20 മണി വരെയാണ്.
2. ലേലം/ക്വട്ടേഷൻ നടപടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 10/06/2025 ന് രാവിലെ 11.20 ന് മുമ്പ് നിരതദ്രവ്യം ₹ 5,000/- (അയ്യായിരം രൂപ മാത്രം) അടച്ച് പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്. ക്വട്ടേഷനുകൾ രാവിലെ 11.20 വരെ മാത്രമേ സ്വീകരിക്കുകയുള്ളൂ. അന്നേ ദിവസം 11.30 ന് പരസ്യ ലേലം നടക്കും. ലഭിച്ച ക്വട്ടേഷനുകൾ പരസ്യ ലേലത്തിന് ശേഷം തുറക്കുന്നതായിരിക്കും.
3. ലേലത്തിൽ ലഭിച്ച ഉയർന്ന തുകയും ക്വട്ടേഷനിൽ ലഭിച്ച ഉയർന്ന തുകയും താരതമ്യം ചെയ്യുമ്പോൾ ലഭിക്കുന്ന ഏറ്റവും കൂടിയ തുക നിലവിലുള്ള കമ്പോള വിലയനുസരിച്ച് ന്യായമാണെന്ന് കണ്ടാൽ പ്രസ്തുത തുകക്ക് ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതാണ്.
4. ലേലം ലഭിച്ച വ്യക്തി മൊത്തം ലേല തുകയുടെ 1/3 ഭാഗം ലേല ദിവസം 3.00 pm-ന് മുൻപായി അടക്കേണ്ടതാണ്. ബാക്കി 2/3 ഭാഗം അടുത്ത അഞ്ച് പ്രവൃത്തി ദിവസത്തിനുള്ളിൽ അടച്ച് ഫാം സൂപ്രണ്ടിനെ രശീതി കാണിച്ച ശേഷം മാത്രമേ വിളവെടുപ്പ് ആരംഭിക്കാവൂ. ലേലത്തുക അടക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം റദ്ദ് ചെയ്യുന്നതിനും സുരക്ഷിത നിക്ഷേപം അടക്കം അന്നേദിവസം ലേലക്കാരൻ സർവ്വകലാശാലയിലടച്ച മുഴുവൻ തുകയും സർവ്വകലാശാലക്ക് മുതൽ കൂട്ടുന്നതുമാണ്.
5. ഓഫീസ് പ്രവൃത്തി സമയത്ത് ഫാം മേധാവിയുടെ അറിവോടും സമ്മതത്തോടും കൂടി മാത്രമേ വിളവെടുപ്പ് നടത്തി ലേല വസ്തു കൊണ്ടു പോകാവൂ. ലേലം/ക്വട്ടേഷൻ നടപടിയിലൂടെ നൽകുന്നത് പാകമായ തേങ്ങ വിളവെടുക്കുന്നതിനുള്ള അവകാശമാണ്. അച്ചിങ്ങ, ഇളനീർ എന്നിവ തെങ്ങിൽ നിന്ന് ശേഖരിക്കരുത്. ലേലത്തിലെടുത്ത സാധനങ്ങളല്ലാതെ മറ്റ് സാധനങ്ങൾ ഫാമിൽ നിന്ന് കൊണ്ടു പോകുന്നത് കുറ്റകരമാണ്. ആവശ്യമെങ്കിൽ ഓരോ തെങ്ങിൽ നിന്നും ശേഖരിച്ച തേങ്ങയുടെ എണ്ണം രേഖപ്പെടുത്തുവാൻ സൗകര്യം ചെയ്തുതരേണ്ടതാണ്.
6. ലേലം ലഭിച്ച വ്യക്തി ഒഴികെയുള്ളവരിൽ നിന്നും സ്വീകരിച്ച നിരതദ്രവ്യം ലേല നടപടിക്ക് ശേഷം തിരികെ നൽകുന്നതാണ്. ലേലം ലഭിച്ച വ്യക്തിയുടെ നിരതദ്രവ്യം സുരക്ഷിത നിക്ഷേപമായി മാറ്റുന്നതാണ്. ലേല വസ്തു പൂർണ്ണമായും നീക്കം ചെയ്ത ശേഷം കരാർ കാലാവധി

പൂർത്തിയാകുന്ന സമയത്ത് രശീതി ഹാജരാക്കുന്ന മുറക്ക് ഫാം സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

7. ലേലം ലഭിച്ച വ്യക്തി വ്യവസ്ഥകൾ ലംഘിക്കുകയോ ലേല വസ്തു നീക്കം ചെയ്യുമ്പോൾ സർവ്വകലാശാല വസ്തുവകകൾക്ക് നാശനഷ്ടം വരുത്തുകയോ ചെയ്താൽ അയാൾ അടച്ച സുരക്ഷിത നിക്ഷേപം സർവ്വകലാശാലക്ക് മുതൽകൂട്ടുന്നതായിരിക്കും. അയാളിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെട്ടയുള്ള ഉചിത മാർഗ്ഗങ്ങളിലൂടെ നഷ്ടപരിഹാരം ഈടാക്കുന്നതുമാണ്. ഇതു സംബന്ധമായി ഒരു നഷ്ടോത്തരവാദിത്ത കരാർ ലേലം ഉറപ്പിക്കപ്പെട്ടയാൾ 200/- രൂപ വിലയുള്ള കേരള മുദ്രപത്രത്തിൽ എഴുതി സമർപ്പിച്ചതിനു ശേഷം മാത്രമേ വിളവെടുക്കുവാൻ അനുവാദമുണ്ടാവുകയുള്ളൂ.
8. ക്വട്ടേഷൻ സംബന്ധിച്ച അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന്റെ തീരുമാനം അന്തിമമായിരിക്കും. കാരണം അറിയിക്കാതെ ലേലം/ക്വട്ടേഷൻ നടപടികൾ നിർത്തിവെയ്ക്കുന്നതിനോ, റദ്ദു ചെയ്യുന്നതിനോ അസോസിയേറ്റ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.
9. സർക്കാർ ലേല നടപടികളുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും ഈ ലേല നടപടിയിലും ബാധകമായിരിക്കും.

ഒപ്പ്/-
**ഡോ. പി. രാജി**
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

സ്വീകർത്താക്കൾ: നോട്ടീസ് ബോർഡ് - ഓഫീസ്/ഫാം/കാന്റീൻ/മിനി സിവിൽ സ്റ്റേഷൻ, പട്ടാമ്പി/ കൃഷി ഭവൻ, പട്ടാമ്പി/കെ.എ.യു വെബ്സൈറ്റ്.
പകർപ്പ് : ഡോ. പി. പി. മൂസ്സ, പ്രൊഫസർ (ഫാം ഇൻചാർജ്ജ്)/ ശ്രീ. പി. കെ. ശ്യാം പ്രകാശ്, ഫാം സൂപ്രണ്ട്.

//ഉത്തരവിൻ പ്രകാരം അയക്കുന്നത്//

Ajay

സെക്ഷൻ ഓഫീസർ